# സ്വാതന്ത്ര്യം.

ഗ്രന്ഥകർത്താ

**പി. മാധവൻനായർ.**

All rights reserved.

൧-ാംപതിപ്പ് കാപ്പി ൧൦൦൦

വി. വി. പ്രസ്സ് ബ്രാഞ്ച്,
തിരുവനന്തപുരം.

1103.

വില ചക്രം ൩.

Sree Krishna Vilasam Reading Room, Ambalapuzha
1247

# സ്വാതന്ത്ര്യം.

സ്വാതന്ത്ര്യം വിഭവകത്തിന്റെ ശിശുവാകുന്നു. മനുഷ്യചരിത്രം, ദാസ്യത്തിന്റെയും മൃഗീയത്വത്തിന്റെയും, അന്യായത്തിന്റെയും, അതോടു ചേർന്നുള്ള നിർജ്ജീവവും നിരുന്മേഷജനകവുമായ അനേകശതവർഷങ്ങളിലെ അഭിവൃദ്ധിയുടേതുമാണ്. മനുഷ്യൻ ഒരു കാലത്ത്, രാജാവിന്റെയും പുരോഹിതന്റെയും, ഇരയും വിനോദവസ്തുവുമായിരുന്നു. അവൻ മൂഢവിശ്വാസത്തിനും ക്രൂരശക്തിക്കും ആഹാരമായിരുന്നു. കിരീടം ധരിച്ച ശക്തികൾ മൂഢതയെ മൃഗീയശക്തികൊണ്ട് ഭയപ്പെടുത്തി ഭരിച്ചുപോന്നു. കാപട്യവും, നിർദ്ദയത്വവുമാകുന്ന, രാജപുരോഹിതശക്തികൾ മനുഷ്യസ്വാതന്ത്ര്യത്തെ വിധ്വംസനം ചെയ്തു ജീവിച്ചുപോന്നു. ഇതിൽ നിന്നൊക്കെ നിവർത്തിക്കുവാനുള്ള രക്ഷാമാർഗ്ഗം, അന്നും, ഇന്നും, ഒന്നു മാത്രമാണ്. അതു് വിവേകത്തിന്റെ വർദ്ധനതന്നെ. ധനസമ്പാദനമാർഗ്ഗങ്ങളുടെ പുറകിൽ അധികാരശക്തികളുടെ തികഞ്ഞ ഗർവ്വ് പ്രത്യക്ഷപ്പെട്ടിരുന്നു. സർവ്വകലകളും, സർവ്വകൗശലങ്ങളും, എല്ലാ ക്രൂരതകളും, അമിതമായ അക്രമങ്ങളും, മനുഷ്യാവകാശത്തെ ധ്വംസിക്കുന്നതിലേക്കു അനുഷ്ഠിക്കുകയും, പരിശീലിക്കുകയും, ചെയ്തുപോന്നു. മനുഷ്യസമുദായത്തിലെ ചില വ്യക്തികൾക്ക്, വായിക്കുന്നതിനും എഴുതുന്നതിനും അന്വേഷിക്കുന്നതിനും അനുവാദം നൽകപ്പെട്ടിരുന്നില്ല. എല്ലാ പുരോഹിതസന്നിധാനങ്ങളും, രാജസിംഹാസനങ്ങളും മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയെ പ്രതിരോധിച്ചു

ുന്നു. മനുഷ്യർ അവരുടെ ആവശ്യത്തിലേക്കായി വേലചെയ്യരുതെന്ന് രാജാവും, മനുഷ്യൻ അവനുവേണ്ടി ചിന്തിച്ചു പോകരുതെന്ന് പുരോഹിതനും ആജ്ഞാപിച്ചിരുന്നു. ഏവംവിധങ്ങളായ പൈശാചികവൃത്തികൾ മനുഷ്യസമുദായത്തിന്റെ ഇടയിൽ ഒരു വലിയ ഉണർച്ചയെ ഉണ്ടാക്കിത്തീർത്തു. ഒരു കിരീടം ധരിച്ച കൊള്ളക്കാരന്, തന്നെക്കൊണ്ട് പ്രവൃത്തി എടുപ്പിച്ചു സുഖിക്കുവാൻ എന്തവകാശമാണുള്ളതെന്ന് ചിലർ അന്വേഷിക്കുവാൻ ആരംഭിച്ചു. ഈ പ്രശ്നം ചെയ്തവനെ, രാജദ്രോഹിയെന്ന് അഭിധാനം ചെയ്യപ്പെട്ടു. മററു ചിലർ വേഷധാരിയായ ഒരു കപടന്, തങ്ങളുടെ ബുദ്ധിയെ നിയന്ത്രിക്കുവാൻ എന്തു് അവകാശമാണുള്ളതെന്ന് ചോദിച്ചു തുടങ്ങി. അവരെ നാസ്തികന്മാരെന്ന് വിളിക്കപ്പെട്ടു. വിവേകത്തിന്റെ പാരാവാരത്തിലെങ്ങും കപ്പലോടിക്കുവാൻ സ്ഥലമുണ്ട്. വിവേകത്തിന്റെ വിസ്തൃതാകാശത്തിൽ എല്ലാ ചിറകുകൾക്കും സൗകര്യമുണ്ട്. തനിക്കു വേണ്ടതു വിചാരിക്കുവാൻ ശക്തിയില്ലാത്ത മനുഷ്യൻ, ഒരു ദാസ്യബുദ്ധിയും, തന്റെ സഹോദരങ്ങൾക്കും തനിക്കും രാജ്യദ്രോഹിയുമാണ്. അജ്ഞാതമായ ഒന്നിന്റെ പ്രത്യക്ഷത്തിൽ നിന്ന്, എല്ലാ മനുഷ്യർക്കും ചിന്തിക്കുവാനുള്ള അവകാശം തുല്യമായുള്ളതു കൂടാതെ, ഉൽപ്പത്തികർമ്മം തുടങ്ങിയവയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്കും തുല്യമായ അവകാശമുണ്ട്. ഉന്നതവിചാരങ്ങളുടെ മുകൾപ്പരപ്പിൽ നിരപ്പുവരുത്തിയതായോ, വസ്തുക്കളുടെ അഗാധമായ ഭാഗങ്ങളിൽ ചുഴന്നു നോക്കിയതായോ ഞാൻ ഭാവിക്കുന്നില്ല. ഞാൻ എനിക്കുള്ള ആശയങ്ങളെ മാത്രമേ അവകാശപ്പെടുന്നൊള്ളൂ. എനിക്കു പ്രതിപാദിക്കുവാൻ അവകാശമുണ്ട്. അതു് എനിക്കു അവകാശമില്ലെന്നു പറയുന്നവനെ, ബുദ്ധിയുള്ള കള്ളനായും കൊള്ളക്കാ

രനായും ഞാൻ വിചാരിക്കും. മനുഷ്യാത്മാവിനെ ബന്ധിച്ചിരിക്കുന്ന ശൃംഖലകളെ സർവ്വശക്തികളും പ്രയോഗിച്ചു പൊട്ടിച്ചെറിയുവിൻ. എനിക്കു വിചാരിക്കുവാൻ അവകാശമില്ലെങ്കിൽ തലച്ചോറെന്തിനാണു്! നാക്കിൻെറ സർവ്വപ്രധാനമായ ഉപയോഗം പദാർത്ഥങ്ങളുടെ രസം ആസ്വാദിച്ചു് ഗുണദോഷനിരൂപണം ചെയ്യുക എന്നുള്ളതു മാത്രമായിരുന്നുവെങ്കിൽ ലോകത്തിൻെറ ഇന്നത്തെ അവസ്ഥ എത്രപരിതാപകരമായിരുന്നേനേ? പൌരുഷമുള്ള പുരുഷന്മാരും സ്ത്രീത്വമുള്ള സ്ത്രീകളും ചിന്തയുടെ മണ്ഡലത്തിൽ കവഞ്ചികൊണ്ടുള്ള അടികളേറ്റു് ക്ഷീണിതരായി. അധികാരശക്തിയുടെ മുൻപിൽ അവർക്കു ഹൃദയവേദനയോടുകൂടി പലപ്പോഴും മുട്ടുകുത്തേണ്ടിവന്നിട്ടുണ്ടു്. ജയിലറകൾ സ്വന്തം താമസസ്ഥലങ്ങളാക്കുവാൻ അവർ നിർബ്ബന്ധിതരായി. തങ്ങളെപ്പോലെ മററുള്ളവർ വിചാരിക്കുവാനും പ്രവർത്തിക്കുവാനും അവർ ബലം പ്രയോഗിച്ചുവന്നു. എന്നാൽ ഒരു രോമത്തിൻെറ വിസ്തൃതിയോളം സ്വാഭിപ്രായത്തിൽ നിന്നും പിന്മാറാത്ത ആളുകൾ അന്നും ഇന്നും എന്നും എവിടെയും ഉണ്ടായിരിക്കുന്നതാണു്. അങ്ങനെയുള്ള ഗംഭീരാശയന്മാർ ഉണ്ടായിരുന്നില്ലെങ്കിൽ ഇന്നു നാം വെറും കാട്ടാളന്മാരെപ്പോലെ ജീവിക്കേണ്ടിവരുമായിരുന്നു. അങ്ങനെ അപൂർവ്വം ചില വീരാത്മാക്കൾ കാലംതോറും ഉണ്ടായിരുന്നില്ലെങ്കിൽ ശരീരത്തിൽ വന്യമൃഗങ്ങളുടെ ചിത്രവും വരച്ചു്, ഉണക്കിയ സർപ്പങ്ങൾ നിറച്ചിട്ടുള്ള മൂർത്തിസ്ഥലങ്ങൾക്കു ചുററും, നരമാംസഭുക്കുകളായ കാട്ടാളന്മാരെപ്പോലെ നാം നൃത്തം ചെയ്യുമായിരുന്നു. എതിർ ശക്തികളേയും, വിദ്വേഷങ്ങളേയും, ആക്ഷേപങ്ങളേയും ഒടുവിൽ മരണത്തെപ്പോലും അഭിമാനത്തോടും ധൈര്യത്തോടും സ്വന്തം കാലിൽ നിന്നു നിർഭയം സ്വീകരിച്ചു് പരഗതിയടഞ്ഞ ആ പുണ്യപുരുഷന്മാരുടെ ആത്മാവു് നിത്യശാന്തിയിൽ ലയിക്കട്ടേ!!!

രാഷ്ട്രീയമായും മതസംബന്ധമായും ഉള്ള ശിക്ഷകളെ നമ്മുടെ പൂർവ്വികന്മാർ എങ്ങിനെ നൽകിവന്നിരുന്നു എന്നു്, ചില പുസ്തകങ്ങളിൽ ഞാൻ വായിക്കുക പതിവുണ്ടായിരുന്നു. പരിഷ്കാരത്തിന്റെയും, നിയമത്തിന്റെയും, കരുണയുടേയും, മതത്തിന്റെയും മാത്രമല്ല, കരുണാനിധിയായ ദൈവത്തിന്റെ പേക്കും നടത്തിവരുന്ന പൈശാചികവൃത്തികളെ അലക്ഷ്യമായിട്ടെങ്കിലും വീക്ഷിക്കുവാൻ ശേഷിയും ശേമുഷിയും ഇല്ലാത്ത ഒരധികാരശക്തിയുടെ മുൻപിലാണെല്ലോ നാം മുട്ടുകുത്തേണ്ടിവന്നിരിക്കുന്നതെന്നുള്ള പരമാർത്ഥത്തെ ഹൃദയവേദനയോടുകൂടി ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളട്ടേ. ഭയങ്കരങ്ങളായ ഈ വക സംഗതികൾ വായിക്കുമ്പോഴെല്ലാം, ഞാൻ അനുഭവിച്ചതുപോലുള്ള സംകടമുണ്ടാവുകപതിവാണു്. ചില അവസരങ്ങളിൽ ആണികൾ കുത്തിക്കയറുന്നതായും, നഖത്തിനിടയിൽ സൂചി തറയ്ക്കുന്നതായും കയ്യാമംവച്ചു് ഇരുട്ടുമുറികളിൽ അടയ്ക്കപ്പെട്ടിരിക്കുന്നതായും, നിർജ്ജീവങ്ങളായ ശ്രോത്രങ്ങളിൽകൂടി രക്ഷയുടെ കാലടികൾ കേൾക്കുന്നതായും, സ്നേഹിതന്മാരുടേയും ബന്ധുക്കളുടേയും മുന്നിലിട്ടു് എന്നെ വലിച്ചിഴയ്ക്കുന്നതായും, ശൃംഖലകളെക്കൊണ്ടു് പൂട്ടി തെരുവു വീഥികളിൽകൂടി കൊണ്ടുപോകുന്നതായും, എന്റെ സമീപം രാജശക്തിയുടെ അധികാരശക്തിയെ പോററിരക്ഷിക്കുവാൻ നിയുക്തരായ ഭയങ്കരസത്വങ്ങൾ നില്ക്കുന്നതായും, എനിക്കു തോന്നിയാലും, സംഭവിച്ചാലും,ഞാൻ ജീവിച്ചിരിക്കുന്നു എങ്കിൽ സർവ്വജനങ്ങളുടേയും, സ്വാതന്ത്ര്യസംരക്ഷണത്തിനായി, കഴിവുള്ളിടത്തോളം പ്രവർത്തിക്കുന്നതാണു്. താൻ ആവശ്യപ്പെടുന്ന അവകാശങ്ങളേയും, സ്വാതന്ത്ര്യങ്ങളേയും, എല്ലാമനുഷ്യർക്കും പ്രദാനംചെയ്യുവാൻ യാവനൊരുവൻ മടിക്കുന്നുവോ—അവനാണു്,

സമുദായദ്രോഹി, അവൻതന്നെയാണ് രാജ്യദ്രോഹിയും. നരകമുണ്ടെങ്കിൽ അതു അവനുവേണ്ടിമാത്രം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. ബുദ്ധിപരമായ എല്ലാ അവകാശങ്ങളും, തനിക്കു തുല്യമായി അന്യൎക്കും വേണമെന്നുള്ള അഭിപ്രായത്തെ നിഷേധിക്കുന്നവൻ, അസത്യവാനും സ്വാൎത്ഥതല്പരനും മൃഗീയമനസ്കനുമാണ്. അതു ബുദ്ധിവികാസത്തിന്റെ ഒരു തീരുമാനമാകുന്നു. യാവനൊരുത്തനാണോ, തന്റെ വിശ്വാസങ്ങൾക്കെല്ലാം, അന്യൎക്കും ചുമതലയുണ്ടെന്ന് വിശ്വസിക്കുന്നു,--അവൻ അസംസ്കൃതവും വക്രവുമായ ബുദ്ധിയോടുകൂടിയവനാകുന്നു.

വെള്ളത്തിൽ സഞ്ചരിക്കേണ്ട എല്ലാവിധ യാനപാത്രങ്ങളുടേയും, സാമാന്യമായ ഒരു സ്വരൂപജ്ഞാനം, മനസ്സിലാക്കീട്ടില്ലാത്തവർ വളരെ ചുരുക്കമാണ്. നഗ്നനായ ഒരു പ്രാകൃതൻ, നമ്മുടെ ഒരു പൂൎവികൻ പൊങ്ങുതടികളെ വെള്ളത്തിലിട്ട് തുഴഞ്ഞു പൊയ്ക്കൊണ്ടിരുന്ന ആ കാലത്തെപ്പററി ചിന്തിക്കുവാനും നമുക്കു കഴിയും. വേണ്ട പടക്കോപ്പുകളും ധരിച്ച്, അനേകം മൈൽ ദൂരം പായുന്ന തോക്കുകളോടുകൂടിയുള്ള യുദ്ധക്കപ്പലുകളും വലിയ ഇരുമ്പുപാളങ്ങൾകൊണ്ടുണ്ടാക്കിയതും വലിയ ഉദരത്തോടുകൂടിയതും, നിശ്ചിതസമയത്തിനുള്ളിൽ എത്രയോ ആയിരം മൈൽ സഞ്ചരിക്കുവാനുള്ള കപ്പലുകളേയും മററനേകതരത്തിലുള്ള പരിഷ്കൃതയാനപാത്രങ്ങളേയും ഇന്നു കാണുവാൻ നമുക്കു പ്രയാസമില്ല. കാട്ടുകമ്പുകൾ തുടങ്ങി, ഗദയും, കുന്തവും, അമ്പും വില്ലും, വാളും പരിചയും, സാധാരണ തോക്കുകളും രണ്ടായിരം റാത്തൽ ഭാരമുള്ള ഉണ്ടകളെ ഉറച്ച ഉരുക്കുകുഴലിനകത്തുകൂടി വഹിക്കുന്ന പീരങ്കികളും, നാം ഇന്നു കാണുന്നുണ്ട്.. ആമകളുടേയും, മററു പല ജന്തുക്കളുടേയും പുറംതോടുകൾ നെഞ്ചിൽ പൊതിഞ്ഞ്, തന്റെ രാജ്യത്തിനുവേ

ണ്ടി യുദ്ധംചെയ്ത ധീരന്മാരായ നമ്മുടെ പ്രാകൃതപുരാതനന്മാർ അവരുടെ മാമൂൽ കുടുക്കിൽനിന്നും, തലവലിച്ചെടുത്തു്, മൂർച്ചയേറിയ ഖഡ്ഗങ്ങളുടേയും, കുന്തങ്ങളുടേയും, അഗ്രഭാഗങ്ങളെ അലക്ഷ്യമാക്കി പുഞ്ചിരിയിടുന്നതും, വലകൾ പോലെയും, കണ്ണികൾ പോലെയും, സർവാംഗം പൊതിയുവാനുള്ളതും ഉരുക്കിനാൽ നിർമ്മിതവുമായ കവചങ്ങളേയും നമുക്ക് സ്മരിക്കുവാൻ കഴിയും. അതോടുകൂടി അവരുടെ സംഗീതസാമഗ്രികളേയും ചിത്രപ്പണികളേയും, കൃഷി ആയുധങ്ങളേയും നാം കൂലങ്കഷമായി പരിശോധിക്കുന്നപക്ഷം സംഗീതസാമഗ്രികളിൽ പറക്കൊട്ടുകൾ തുടങ്ങി, ഇപ്പോഴത്തെ മധുരമോഹനങ്ങളായ വിവിധസാധനങ്ങൾ വരെയും, ചിത്രവേലകളിൽ മണ്ണുകൊണ്ടുണ്ടാക്കിയ ഉരുവങ്ങളും, നാലുകാലും നാലുകയ്യും, അനേകം മുഖങ്ങളും തലച്ചോറില്ലാത്ത തലകളും ചേർന്ന ദേവതകളുടെ രൂപംമുതൽ സുന്ദരതരമായ മാർബിൾകല്ലുകളാലും വിലപിടിച്ച ദന്തങ്ങളാലും അതിമനോഹരങ്ങളായും, പരിചയപ്പെടുത്താതെ തൊട്ടുനോക്കുവാൻപോലും മടിച്ചുപോകുന്നതുമായ രൂപങ്ങൾ വരെയും നമുക്കു കാണ്മാൻ കഴിയും. മൃഗചർമ്മങ്ങളിലും, ഇലകളിലും വീതിയുള്ള അസ്ഥികളിലും, മരത്തൊലികളിലും എഴുതപ്പെട്ടിരുന്ന ലിഖിതങ്ങൾതുടങ്ങി, ഇന്നത്തെ മഞ്ജുളതരങ്ങളായ പുസ്തകങ്ങളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്ന ഗ്രന്ഥശാലകൾവരെ കാണ്മാൻ നമുക്കു സാധിച്ചിട്ടുണ്ടു്. ഇവകളെ നിരീക്ഷിക്കുന്ന ഘട്ടത്തിൽ, മനുഷ്യനു പ്രകൃതിശക്തികളുമായുള്ള സഹകാരിത്വം സിദ്ധിക്കുന്നതുവരെ, അവന്റെ വിചാരങ്ങൾ പരിശ്രമത്തോടൊരുമിക്കുന്നതുവരെ, അവന്റെ പരിതസ്ഥിതികളെ അവൻ പ്രയോജനപ്പെടുത്തുന്നതുവരെ; അവൻ ഭയത്തിന്റെ കടപ്പാടിൽനിന്നും, നിവർത്തിതനാകുന്നതുവരെ ദേവ

തകളിലുള്ള വിശ്വാസം നശിക്കുന്നതുവരെ, തന്നെ, താൻ,
ആശ്രയിക്കുന്നതുവരെ, യാതൊരു പ്രകാരത്തിലുള്ള അഭിവൃദ്ധി
കളും, മനുഷ്യനു സാധിക്കുന്നതല്ലെന്നു തീൎത്തു പറയുവാൻ എ
നിക്കു കഴിയും. ഇതെല്ലാം ബുദ്ധിയെ സംബന്ധിച്ചുള്ള വ്യത്യാ
സങ്ങളാണു്. അസ്വാതന്ത്ര്യവും, സ്വാതന്ത്ര്യവുമായ ബുദ്ധിവി
ശേഷത്തിലുള്ള വ്യത്യാസമത്രേ---പൊങ്ങുതടിയിലും പുകക്കപ്പ
ലിലും, ഗദയിലും വാളിലും വലിയ തോക്കിലും, കളിമണ്ണുകൊ
ണ്ടുണ്ടാക്കിയ പ്രതിമകളിലും, മനോജ്ഞമായ പ്രകൃതിരമണീ
യതയെ പ്രകാശിപ്പിക്കുന്ന ചിത്രങ്ങളിലും, പറക്കൊട്ടിലും പി
യാനോ, ഫിഡിൽ-- തുടങ്ങിയ, സംഗീതോപകരണങ്ങളിലും,
കാണപ്പെടുന്നതു്. ഇതെല്ലാം തലച്ചോറിനെ സംബന്ധിക്കുന്ന
തും ബുദ്ധിവികാസത്തെ ആശ്രയിക്കുന്നതും മാത്രമാണു്. നാം
നമ്മുടെ പൂൎവ്വികന്മാരെക്കാൾ, സ്വതന്ത്രന്മാരായിത്തീൎന്നിട്ടുണ്ടെ
ങ്കിൽ, ശരാശരി അവരെക്കാളും നല്ല തലകളും, കൂടുതൽ തല
ച്ചോറും ഉണ്ടായിട്ടുണ്ടെന്നേ അൎത്ഥമുള്ളു. നമ്മുടെ പൂൎവ്വിക
ന്മാർ പൊങ്ങുതടികളിൽ യാത്രചെയ്തിരുന്നകാലത്തു് ഒരു രാജാ
വും പുരോഹിതനും ഉണ്ടായിരുന്നു എന്നിരിക്കട്ടെ. അയാൾ
തടിയിൽ ഇരുന്നു് തുഴഞ്ഞു തുഴഞ്ഞു—പറക്കൊട്ടിന്റെ
ശബ്ദത്തിൽലയിച്ചിരിക്കുന്ന കാലത്തു്, തടിയാണു്, അസാധാ
രണയാനപാത്രമെന്നും, അതിന്റെ രക്ഷാധികാരി വായുഭഗ
വാനും, വരുണനും, മാത്രമാണെന്നും, അതിൽ ഒരു പായ്കെട്ടി,
വേഗത്തിലോടിക്കുവാൻ ശ്രമിക്കുന്നവർ മതദ്രോഹികളും സമു
ദായദ്രോഹികളും ആണെന്നും തീരുമാനിച്ചേക്കാം. ഹാ! കഷ്ടം!
ഇങ്ങനെ ആയിരുന്നുവെങ്കിൽ ഭൂഗോളത്തെ ചുററിത്തിരിയു
വാൻ എങ്ങനെ സാധിക്കുമായിരുന്നു. അഭിപ്രായസ്വാതന്ത്ര്യമു
ണ്ടായിരുന്നചിലരെ അപ്പോഴപ്പോൾ പ്രത്യേകമായും, ഒരുമിച്ചും

അടക്കുവാൻവേണ്ടി പരിഷ്കൃതങ്ങളായ സാധനസാമഗ്രികളെ കണ്ടുപിടിക്കുന്നതിനും ശേഖരിക്കുന്നതിനും, രാജശക്തി സന്നദ്ധമായി. അതിനെത്തുടൎന്നു ഉത്തമങ്ങളായ കൃഷിആയുധങ്ങളും സംഗീതോപകരണങ്ങളും മനോമോഹനങ്ങളായ ചിത്രവേലകളും ശക്തിതരങ്ങളായ ആയുധങ്ങളും, വാസയോഗ്യങ്ങളായ ഭവനങ്ങളും, വിശേഷവസ്ത്രങ്ങളുമെല്ലാം കാലാന്തരത്തിൽ ബുദ്ധിവികാസത്തിന്റെ പ്രവൃത്തിയെ നിരോധിക്കുവാൻ നിവൃത്തിയില്ലാതെ ബഹുമാനത്തിനും, കിരീടത്തിനും വേണ്ടിമാത്രമെങ്കിലും അനുമോദിക്കുകയും സഹകരിക്കുകയും ധൈൎയ്യപ്പെടുത്തുകയും ചെയ്തതിനാൽ ആ വക എല്ലാശാസ്ത്രീയമാൎഗ്ഗങ്ങളും ശക്തമായി ഉണൎന്നു ഒരുവിധം മനുഷ്യവാസയോഗ്യമായ ഇന്നത്തെ ലോകത്തെ സൃഷ്ടിക്കുവാനിടയായി. മനുഷ്യൻ തന്റെ ഹിതപ്രകാരം സുഖമായും സംതൃപ്തിയോടും ജീവിക്കുകയാണെങ്കിൽ ദൈവം അവനെ നിത്യനരകത്തിലേക്കു വലിച്ചെറിഞ്ഞു കളയുമെന്നു് പുരോഹിതന്മാർ, അവരെ പഠിപ്പിച്ചിരുന്നു. വേദങ്ങളേയോ ശാസ്ത്രങ്ങളേയോ, പഠിക്കുവാനോ, ആചരിക്കുവാനോ, അവൎക്കു അനുവാദം നൽകപ്പെട്ടിരുന്നില്ല. ശക്തി ന്യായത്തെ ഉണ്ടാക്കുന്നു എന്നുള്ളതാണു് അവന്റെ നിയമം. ന്യായമാണു് ശക്തിയെ ഉണ്ടാക്കുന്നതെന്നുള്ള എതുവിശ്വാസത്തിൽ ലോകത്തിനെത്താൻ ഇനിയും അനേകം സംവത്സരങ്ങൾ വേണ്ടിവന്നേയ്ക്കാം. ചിന്തിക്കുവാനും ഓരോരുത്തരും, അവരവരുടെ വിചാരങ്ങളെ പ്രസ്താവിക്കുവാനും, ഞാൻ ആവശ്യപ്പെടുന്നു. നാം അന്വേഷണസ്വഭാവമുള്ളവരായിട്ടാണു്, തീരേണ്ടതു്. വെറും വിശ്വാസികളായ, പിൻഗാമികളായിട്ടല്ല. നാം തെണ്ടികളും, നിസ്സാരജീവികളും, ആയിട്ടല്ല ജീവിക്കേണ്ടതു്. സൎവ്വശക്തനായ ഒരു ഈശ്വരനുണ്ടെങ്കിൽ, ഈ ഭീരുക്കളുടേയും-

കപടന്മാരുടേയും, ആരാധനകൊണ്ടു് തൃപ്തിപ്പെടുന്നവനായിരിക്കുകയില്ല. യഥാൎത്ഥമായുള്ള നാസ്തികത്വം, മതവിശ്വാസമില്ലായ്മ മുതലായവയിൽ അടങ്ങീട്ടുള്ള സത്യസൗരഭ്യം, കപടഭക്തിയിലും, കപടവിശ്വാസത്തിലും, ദുൎഗ്ഗന്ധഭൂയിഷ്ഠമായ സ്വൎഗ്ഗലോകത്തെ, പരിപാവനമാക്കിച്ചെയ്യും, ഇതാണെന്റെ തത്വം നിങ്ങൾ ആവശ്യപ്പെടുന്ന ഓരോ സംഗതികളും അന്യന്മാൎക്കും അനുവദിച്ചുകൊടുക്കുക; പ്രകൃതിയുടെ സൎവ്വശക്തികൾക്കും നിങ്ങളുടെ ഹൃദയം തുറന്നുകൊടുക്കുക; അഭിമാനത്തോടും, മൎയ്യാദയോടും പുതിയ ചിന്തകളെ സ്വീകരിക്കുക; നമുക്കിങ്ങനെ പുരോഗമനം ചെയ്യാം. ഇന്നത്തെ മതസ്ഥന് അവന്റെ ആത്മാവിന്റെ നാവികപാത്രത്തെ, പൂൎവ്വവിശ്വാസത്തിന്റെ കടവിൽനിന്നും മോഷ്ടിക്കേണ്ടതായും, വെളിച്ചത്താക്കി നശിപ്പിക്കേണ്ടതായും ഇരിക്കുന്നു. പഴയ നാവികാഭിപ്രായങ്ങൾ, പഴയ സംഘടനയുടെ കാററു പാകളിൽ അടിച്ചു ഇളകുന്നതു് കേൾപ്പാൻ അവൻ ഇഷ്ടപ്പെടുന്നു. അതിന്റെ കെട്ടുകളും, വശങ്ങളും, ഒക്കെ കാണ്മാനും വെളിച്ചത്തിലേയ്ക്കു് തുറന്നുകെട്ടാനും അവൻ ആഗ്രഹിക്കുന്നു. എന്നാൽ അതോടുകൂടി എന്റെ അഭിപ്രായത്തെ, ഉപദ്രവിക്കരുതു്, എന്നു പുനരാവൎത്തിയോടെ പറയുവാൻ അവൻ അനന്ദമുള്ളവനായിക്കാണുന്നു. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം, ഈ വിസ്തൃതമായ മഹാംബോധിയിൽ, സഞ്ചരിക്കുവാനാണു് ഞാൻ വിചാരിക്കുന്നതു്. ഞാൻ, കാററിന്റേയും, അലകളുടേയും, നക്ഷത്രങ്ങളുടേയും ആനുകൂല്യമാണു് ആവശ്യപ്പെടുന്നതു്. ഭയങ്കരമായ കൊടുങ്കാററിൽപ്പെട്ടുതാണു പോയാലും, മൂഢവിശ്വാസത്തിന്റെ തുറമുഖത്തെത്തിനശിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. കാലോചിതമായി നാം വളരുന്നുവെന്നുള്ളതു നിൎവ്വിവാ

ദമായ സംഗതിയാണ്. മുൻകാലങ്ങളിൽ പരിഷ്ക്കാരത്തിന്റെ സേനയെ ദ്രോഹിച്ചും, തപിപ്പിച്ചും വന്നിരുന്ന അഗ്നിജ്വാലകൾ, അതേരൂപത്തിൽ ഇന്നത്തെ ക്ഷേത്രങ്ങളുടെ അന്തർഭാഗങ്ങളിൽഅധിവാസംചെയ്യുന്നുണ്ട്. ഒരുനൂറുവർഷങ്ങൾക്കുമുൻപുള്ള സ്ഥിതിയെ ആശ്രയിച്ചുനോക്കുകയാണെങ്കിൽ, ഇന്നത്തെ മതസ്ഥന്മാർ, വെറും നാസ്തികന്മാരും അവിശ്വാസികളും, ആണെന്ന് പ്രത്യക്ഷപ്പെട്ടും ദേവാലയങ്ങളുടെ സ്ഥിതി,മുൻപിലത്തേതിൽനിന്നും വളരെ വ്യത്യാസപ്പെട്ടിട്ടില്ലെങ്കിൽ എനിക്കിതു് പ്രസ്താവിക്കേണ്ടി വരികയില്ലായിരുന്നു. മനുഷ്യൻ, മുൻപിലത്തെ സ്ഥിതിയിൽനിന്നും, അഭിവൃദ്ധിപ്പെടുന്നതോടുകൂടി, അവന്റെ ചിന്തകളും പരിശ്രമങ്ങളും, ഒരുമിച്ചുചേരുന്നു. ഒരു നാവികന്, കാററു, തിര, ഒഴുക്ക്, മുതലായി, സമുദ്രത്തിന്റെ അജ്ഞാതമായ പല ശക്തികളുടേയും നിയന്ത്രണവും അറിവും കിട്ടുന്നതുവരെ, അവകളെസംബന്ധിച്ചുള്ള മൂഢവിശ്വാസങ്ങളെ വെച്ചുകൊണ്ടിരിക്കുവാനേ നിവൃത്തിയുള്ളു. അപ്രകാരം തന്നെയാണ് അനിയന്ത്രിതമായ ചില ശക്തികളിൽ സ്ഥിതിചെയ്യുന്ന കർഷകന്റെ അഭ്യുദയവും. എന്നാൽഒരു യന്ത്രകാരന്റെ യന്ത്രത്തിന്റെ ചക്രം തിരിയാതിരുന്നാൽ, ക്ഷേത്രസന്നിധിയിലേക്കോ, ദേവതകളുടെ ആവാസദിക്കുകളിലേക്കോ—അവന്റെ മനസ്സു ഉഴറിപ്പായുന്നില്ല. ചെറുതോ—വലുതോ, ആയ ഏതാണ്ടൊരുഭേദം, എങ്ങാണ്ടുണ്ടെന്നും, അതു ശരിപ്പെടുത്തിയെങ്കിലേ ചക്രം തിരിയുകയുള്ളു എന്നും നിശ്ചയിച്ചിട്ട് അവനതു ശരിപ്പെടുത്തി ഉപയോഗിക്കുന്നു.

ഇപ്പോൾ, പരിസരങ്ങളുടെ ദാസനായിരുന്ന മനുഷ്യൻ, അസ്ഥിതിയിൽനിന്നും പ്രകൃതിയുടെ തടസ്സങ്ങളേയും കടന്ന്, വിധിക്കായി അവന്റെ ജീവിതം വിട്ടു കൊടുക്കാതെ, വേണ്ട

നിയമങ്ങളോടുകൂടി ശാരീരികമായും, ബുദ്ധിപരമായും ഉള്ള അഭ്യുദയത്തെ പ്രാപിച്ചിരിക്കുന്നു. മനുഷ്യൻ വളരുന്തോറും, അവൻെറ അവകാശങ്ങളെ അവൻ വിലവെയ്ക്കുന്നു. സ്വാതന്ത്ര്യം, സുന്ദരവും, ദിവ്യവുമായി വളന്നു വരുന്നു. തൻെറ അവകാശങ്ങളെ താൻ വിലവെയ്ക്കുമ്പോൾ, അന്യരുടെ അവകാശങ്ങളേയും വിലവെച്ചു കൊടുക്കുന്നു. ഇങ്ങനെ എല്ലാ മനുഷ്യരും എല്ലാപേക്ഷം അവരവർ ആഗ്രഹിക്കുന്നതു പോലുള്ള ആവശ്യാവകാശങ്ങളെ പരസ്പരം പ്രദാനം ചെയ്വാൻ ഇട വരുന്ന ഒരു കാലം ലോകത്തിൻെറ യഥാൎത്ഥ പരിഷ്കാരകാലമെന്നു ഗണിക്കാവുന്നതാണ്. കുറേ വൎഷങ്ങൾക്കു മുൻപിൽ, രാജാവിനോടും, പുരോഹിതനോടും ചോദ്യം ചെയ്യുവാൻ ജനങ്ങൾ ഭയപ്പെട്ടിരുന്നു. ഒരു പുസ്തകത്തേയോ, പഴംകഥയേയോ, നിഷേധിക്കുവാൻ, അവർ ഭയമുള്ളവരായിരുന്നു. ധനത്തിൻെറ മുൻപിൽ നിലം പററി നമസ്കരിക്കുകയും, ബിരുദുകളുടെ മുൻപിൽ, നിസ്സാരന്മാരായി തൊഴുതു നില്ക്കുകയും ചെയ്തു വന്നിരുന്നു. ഇപ്പോൾ ഒരുവൻ ധനവാൻ മാത്രമാകുന്നതുകൊണ്ടു് നാം പ്രണാമം ചെയ്യുവാൻ തയാറാകുന്നില്ല. ഒരു രാജത്വമോ സാമ്രാജ്യാധിപത്യമോ ഒരു മഹാൻെറ മോഹത്തെ സംതൃപ്തിപ്പെടുത്തുന്നില്ല. സാമ്രാട്ടുകളും, രാജാക്കന്മാരും, ആചാൎയ്യന്മാരും. അവരുടെ സഹോദരങ്ങളുടെ—അതെ—മനുഷ്യസമുദായത്തിൻെറ തലയ്ക്കുമുകളിൽ ഇനി അധികകാലം ഗോപുരം പണിചെയ്കയില്ല. ലോകം, ബുദ്ധിക്കും, വിദ്വത്വത്തിനും, ഹൃദയത്തിനും ബഹുമാനം നൽകുവാൻ ആരംഭിച്ചിട്ടുണ്ടു്. നാം, ആത്മത്യാഗത്തിൻേറയും, വീരാത്മകതയുടേയും, ദിവ്യവും ധീരവും ആയ കൎമ്മഫലങ്ങളെ കൊയ്തെടുത്തു. നമ്മുടെ പൂൎവ്വികന്മാർ എത്രകാലം അടിമകളായിരുന്നുഎന്നും, അവർ, സിംഹാ

സനത്തിൻെറ ചുവട്ടിലും, ആചാൎയ്യസന്നിധിയിലെപ്പൊടിയിലും എങ്ങനെ, കെഞ്ചുകയും, കിഴിയുകയും ചെയ്തിരുന്നു എന്നും, അങ്കിയും, കിരീടവും ധരിച്ച വിമൂഢതയുടെ മുൻപിൽ എത്ര നിസ്സാരന്മാരായി, സ്വയം ത്യജിച്ചു നിന്നിരുന്നു എന്നും, വിചാരിക്കുമ്പോൾ, ഞാൻ അൽഭുതപരതന്ത്രനായിത്തീരുന്നു. നമ്മെ എത്രകാലമായി അടിമത്തത്തിൻെറ സ്ഥാപനത്തോടു കെട്ടപ്പെട്ടിരിക്കുന്നുവെന്നു് ആലോചിച്ചു നോക്കുക. നമ്മുടെ ആചാൎയ്യ പീഠങ്ങൾ, എത്ര ശതവൎഷം കരുതി കൂട്ടിയും, അഗ്രഹസമേതവും, വേദങ്ങളേയും ശാസ്ത്രങ്ങളേയും, ഉപനിഷത്തുക്കളേയും ദേഹോപദ്രവത്തിനുള്ള കവഞ്ചിയെന്നോണം ഉപയോഗിച്ചിരുന്നു എന്നും ചിന്തിച്ചു നോക്കുവിൻ. എൻെറ ഓരോ തുള്ളി രക്തം കൊണ്ടും, എല്ലാ അനാചാരങ്ങളേയും, അവിശ്വാസപ്രസ്ഥാനങ്ങളേയും ആക്ഷേപിക്കുകയും, നിന്ദിക്കുകയും ചെയ്യുന്നു. ഞാൻ സ്വാതന്ത്ര്യത്തെ നിസ്സീമമായി സ്നേഹിക്കുന്നു. സ്വാതന്ത്ര്യം എന്നാൽ എന്തൎത്ഥത്തിലാണു് ഇവിടെ വ്യവഹരിക്കുന്നതെന്നു് വിശദമാക്കിക്കൊള്ളട്ടെ. ശാരീരികമായ സ്വാതന്ത്ര്യമെന്നാൽ അന്യരുടെ സുഖത്തിനു്, ഹാനികരമല്ലാത്ത ഏതുതരം പ്രവൃത്തിയുമാണു്. ബന്ധസംബന്ധങ്ങളെപ്പററി ശരിയായി ആലോചിക്കുവാനുള്ള അവകാശമാണു് മാനസികസ്വാതന്ത്ര്യമായി ഇവിടെ ഗണിക്കുന്നതു്. ആലോചനയാകുന്ന പന്ഥാവിൽകൂടി ക്ലേശപൂൎവ്വം യാത്രചെയ്യുകിൽ മാത്രമേ യാഥാൎത്ഥ്യത്തിൽ ചെന്നെത്തുകയുള്ളു ഇതിനെല്ലാം പ്രധാനമായുള്ളതും, അവശ്യമുള്ളതും, ഉദ്ദേശശുദ്ധിയാകുന്നു. മനുഷ്യത്വമില്ലാത്ത ഒരു വിശ്വാസിയെക്കാളും മനുഷ്യത്വമുള്ള അവിശ്വാസി ആയിരിക്കുവാനാണു് ഞാൻആഗ്രഹിക്കുന്നതു്. ഒരു അനാചാരപ്രസ്ഥാനത്തിനും, ഒരു രാജശക്തിക്കും, ഒരു ദേവാല

യത്തിനും, നമ്മെ നശിപ്പിക്കുവാൻ കഴിയുന്നതല്ല. എന്റെ അഭിപ്രായത്തെ, ഞാൻ പ്രസ്താവിക്കും. അന്യായത്തേയും, അനാചാരത്തേയും, പോററി രക്ഷിക്കുവാൻ വേണ്ടി മനുഷ്യർ പതിതരാണെന്നു്, വൈദികന്മാർ ഒരു കാലത്തു പഠിപ്പിച്ചിരുന്നു. ആ തത്വത്തിന്റെ പരമാർത്ഥം ഇന്നത്തെ ദേവാലയങ്ങളും, പൊതുനിരത്തുകളും, ധാരാളം തെളിയിക്കുന്നുണ്ടു്. തത്വദൃഷ്ട്യാ ചിന്തിച്ചു നോക്കുകയാണെങ്കിൽ, നന്മയും, തിന്മയും, നമ്മിൽ കൂടി കൊള്ളുന്നു എന്നുള്ള വസ്തുത നമുക്കു കാണ്മാൻ കഴിയും. വളരെ ചീത്തയാളുകൾക്കു് ചില നല്ല കാര്യങ്ങൾ പ്രവർത്തിപ്പാൻ സാധിക്കുന്നു. സത്തുക്കൾക്കു പല ദുഷ്പ്രവൃത്തികൾക്കും കഴിയും. വളരെ ഉയർന്നവർക്കു അധഃപതിക്കുന്നതിനും, വളരെ താഴ്ന്നവർക്കു ഉയരുവാനും കഴിയും. ഈ നിലയിൽ, മനുഷ്യരുടെ ഇടയിൽ ഉച്ചനീചത്വങ്ങൾ കല്പിച്ചു്, എന്നെന്നേക്കും നിലനിർത്തിപ്പോരുന്നതു് മൂഢതയുടേയും, അഹങ്കാരത്തിന്റേയും തികഞ്ഞ ലക്ഷണമാണു്. ആത്മാവിൽ നിന്നു് യുക്തിയേയും, സ്വാതന്ത്ര്യത്തേയും നിരാകരിക്കുവാൻ പ്രേരിപ്പിക്കുന്ന മതങ്ങളും, ഗ്രന്ഥങ്ങളും നിയമങ്ങളും ദൂരീകരിക്കുക; ചിന്തനം അപായകരമാണെന്നുള്ള അഭിപ്രായത്തെ നിഷ്കാസനം ചെയ്യുക; മനുഷ്യനെ മനുഷ്യന്റെ സമ്പാദ്യമാക്കാമെന്നുള്ള തത്വത്തെ വിധ്വംസിക്കുക. അന്തഃക്കരണത്തെ ബന്ധിക്കുവാനുള്ള എല്ലാ പരിശ്രമങ്ങളുടെ നേർക്കും, നാം വെറുപ്പും വിദ്വേഷവും ഉള്ളവരായിരിക്കുക. ഒരീശ്വരനുണ്ടെങ്കിൽ നിശ്ചയമായിട്ടും അയിത്തമുള്ള ഒരു ജാതി ഉണ്ടായിരിക്കുകയില്ല.

സ്ത്രീകൾ ഒരു കാലത്തു് പുരുഷന്മാരുടെ അടിമകളായിരുന്നു. വളരെക്കാലം നിത്യമായ ദാസ്യത്തിൽ കഴിച്ചുകൂട്ടിയതിൽ പിന്നീടാണു് വിവാഹവ്യവസ്ഥ ഉണ്ടായതു്. വിവാഹം

മനുഷ്യസമുദായത്തിലെ ഒരു വിശിഷ്ടകർമ്മമായിട്ടാണ് പൗരാണികന്മാർ ഗണിച്ചുപോന്നിരുന്നത്. കുടുംബസംബന്ധമായിട്ടുള്ള ഒരു ജീവിതമാണ് ലൗകികജീവിതത്തിൽ ശ്രേഷ്ഠതയെ അർഹിക്കുന്നത്. നല്ല ഗവർമ്മെൻറുകളെല്ലാം നല്ല കുടുംബങ്ങളുടെ സംഘടനയാകുന്നു. ഒരു കുടുംബം ഒരു ഗവർമ്മെൻറിൻെറ ഘടകമാണ്. യാതൊന്നാണോ ഒരു കുടുംബത്തെ ഇല്ലായ്മ ചെയ്യാൻ പ്രേരിപ്പിക്കുന്നത് അതു് പരിപൂർണ്ണമായും, അകീർത്തിപ്രദവും പൈശാചികവുമാണ്. ഞാൻ വിവാഹകർമ്മത്തിൽ, വിശ്വസിക്കുകയും അതിൽ അവിശ്വസിക്കുന്ന പുരുഷന്മാരേയും സ്ത്രീകളേയും സർവ്വശക്തികളോടും വെറുക്കുകയും ചെയ്യുന്നു. ഒരു മനുഷ്യനു സാധാരണ ഉണ്ടാകാവുന്ന ഉൽകൃഷ്ടമായ അഭിലാഷം ഒരു ഉത്തമയായ സ്ത്രീയുടെ യഥാർത്ഥസ്നേഹത്തിൽ ജീവിച്ച് തൻെറ ഹൃദയവും ബുദ്ധിയും വികസിപ്പിച്ചു കഴിയുവാനുള്ള ഒരു ജീവിതസൗകര്യമാണ്. ഒരു യുവതിക്കു ഒരു മനോജ്ഞനായ പുരുഷൻെറ സ്നേഹബഹുമാനാദികൾക്കു പാത്രമാകേണമെന്നുള്ളതായിരിക്കും വിലയേറിയ ആഗ്രഹം. സ്നേഹവും ദാമ്പത്യവും കൂടാതെ ഒരു വിജയകരമായ ജീവിതം ലോകത്തുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. പ്രണയപൂർവ്വവും സരളതയും തികഞ്ഞ ഒരു സ്ത്രീഹൃദയത്തിൻെറ ചക്രവർത്തിയായി ഒരു പുരുഷനും അയാളുടെ ഹൃദയത്തെ സ്നേഹിച്ചുകൊണ്ടു് ചക്രവർത്തിനിയായി ഒരു സ്ത്രീയും, ജീവിക്കുന്നത് ലോകാധിപത്യത്തെക്കാൾ മെച്ചമേറിയതാണെന്ന്, ഞാൻ വിചാരിക്കുന്നു. പുരുഷൻ, ശക്തിയും സ്ത്രീ സൗന്ദര്യവുമാകുന്നു. പുരുഷൻ ധൈര്യവും, സ്ത്രീ സ്നേഹവുമാകുന്നു. സ്നേഹം ഒരു ദേശത്തുള്ളതല്ലെന്നും മഹത്വം ഒരു വർഗ്ഗത്തിൻെറതല്ലെന്നും എല്ലാക്കാലത്തും എല്ലായിടത്തും സ്നേഹവും പുണ്യവും നിറഞ്ഞ ശുദ്ധഹൃദയങ്ങൾ ഉണ്ടായിരുന്നുവെന്നും

നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ സ്ത്രീപുരുഷനോടു തുല്യതയുള്ളവളും അവൾക്കു പുരുഷനുള്ള എല്ലാ അവകാശങ്ങളും ഉള്ളതുകൂടാതെ, പുരുഷനാൽ രക്ഷിക്കപ്പെടുവാനുള്ള അവകാശം കൂടുതലായും ഉണ്ടു്. നിങ്ങൾ സ്നേഹിക്കുന്ന സ്ത്രീയുടെ സുഖത്തിനായി നിങ്ങൾ അശ്രാന്തം പരിശ്രമിക്കുക. സ്വാർത്ഥതയാൽ പ്രേരിതനായി വിവാഹം ചെയ്യുവാൻ പുറപ്പെടുന്നതു് അബദ്ധപരിപൂർണ്ണമാണെന്നാണു് എന്റെ അഭിപ്രായം. നമുക്കു ലോകത്തു സുഖമായിജ്ജീവിക്കുവാൻ ഒരു ഒററ മാർഗ്ഗമേ ഉള്ളു. അതു് അന്യരെ സുഖപ്പെടുത്തുവാൻ ശ്രമിക്കുക എന്നുള്ളതു മാത്രമാണു്. വിരുദ്ധമായ ഗതി സുഖപ്രദമല്ല. തന്റെ ആജ്ഞകൾക്കു കീഴടങ്ങി എല്ലാ അംഗങ്ങളും ഒരു കുഡുംബത്തിൽ സ്ഥിതി ചെയ്യണമെന്നും താൻ ആജ്ഞാപിക്കുവാൻ തുടങ്ങുമ്പോൾ നിശ്ചലമായി, ഏതോ ചില മഹദാശയങ്ങൾ പ്രദാനം ചെയ്യുവാൻ പോകുന്നതിനെ സ്വീകരിപ്പാനെന്നവണ്ണം ഇരിക്കണമെന്നും, ഇല്ലെങ്കിൽ അതു തന്റെ പ്രാഭവത്തിനു കുറവാണെന്നും വിചാരിക്കുന്ന ഒരു മനുഷ്യന്റെ അകീർത്തികരമായ പ്രമാണിത്വവും, ആ വക വിചാരങ്ങളും എന്നാൽ നിസ്സീമമായി വെറുക്കപ്പെടുന്നു. ഒരു ഭർത്താവിനെ ഭയപ്പെട്ടു കൊണ്ടിരിക്കുന്ന ഭാര്യയുടെ അവസ്ഥ എത്ര പരിതാപകരമാണെന്നു ചിന്തിച്ചു നോക്കുക. ആ ഭീരുവും യാചകിയും ആയ വനിതയിൽനിന്നും ഏതുതരം കുഞ്ഞുങ്ങളാണു് ഉണ്ടാവുക. അഹോ! കഷ്ടം! ഈദൃശാവസ്ഥകൾ അതിദാരുണം തന്നെ. ഒരു ചെറിയ നാണയം നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ അതു ചിലവഴിക്കേണ്ട ആവശ്യം നിങ്ങൾക്കുണ്ടെങ്കിൽ അതു് ഒരു രാജാവിനെപ്പോലെ ചിലവഴിക്കുക. ഒരു കാട്ടിന്റെ ഉടമസ്ഥനു ഒരു കരിയില ഉപേക്ഷിക്കുവാൻ ഉള്ള പ്രയത്നം മാത്രമേ

അ വിഷയത്തിൽ നിങ്ങൾക്കുണ്ടായിരിക്കുവാൻ പാടുള്ളു. ഞാൻ ഒരു യാചകനായിരുന്ന്—എന്റെ ഒടുവിലത്തെ കൊച്ചുകാശിനെ ഒരു രാജാവിനെപ്പോലെ ചിലവഴിക്കുന്നതു് ഒരു രാജാവായിരുന്ന് ഒരു യാചകനെപ്പോലെ ചിലവഴിക്കുന്നതിനെക്കാളും എത്രയോ മെച്ചമേറിയതാണ്. നിങ്ങൾക്കു നിങ്ങളുടെ കുഡുംബത്തോടു ചെയ്യുവാൻ കഴിയുന്നതിലേക്കു ഏററവും നല്ലതിനെ ചെയ്യുക. സാമാന്യഗൃഹങ്ങളിലുള്ള സ്നേഹവും സമാധാനവും, മാളികമുകളിൽ കണികാണുവാൻ പോലും കിട്ടുകയില്ലെന്നുള്ള എന്റെ അനുഭവത്തെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. സ്നേഹവിഹീനങ്ങളായ മാളികകൾ, മൃഗങ്ങൾക്കു താമസിക്കുവാനുള്ള ഗുഹകളും, സ്നേഹസംപൂർണ്ണങ്ങളായ കുടിലുകൾ, ദേവതകളുടെ അധിവാസസ്ഥാനങ്ങളും ആണെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. ധനവാനായിത്തീർന്നെങ്കിൽ മാത്രമേ സുഖമായി കാലയാപനം ചെയ്യുവാൻ നിർവ്വാഹമുള്ളു എന്ന്, നിങ്ങൾ തെററിദ്ധരിച്ചുപോകരുതു്. സുഖമായി കഴിയുവാൻ മഹാനോ ധനവാനോ ആയിത്തീരണമെന്നില്ല. ദാരിദ്ര്യദേവതയുടെ കേളീരംഗമായ ഒരു പട്ടണത്തിൽ, പല പല ഉപദ്രവങ്ങൾ കൊണ്ടും കുഴങ്ങിവശായിരിക്കുന്ന ഒരു പട്ടണത്തിൽ, ഏതൊരുവിധമാണ്, മുപ്പതും, നാല്പതും, ലക്ഷം ദ്രവ്യവും കെട്ടിവെച്ചുകൊണ്ടു് ജീവിക്കുവാൻ ഒരു മനുഷ്യനു സാധിക്കുന്നതെന്ന്, ഞാൻ അറിയുന്നില്ല. ഒരു കപ്പലിലുള്ള അനേകായിരം പേർ മുങ്ങിച്ചാകുന്ന അവസരത്തിൽ, താനൊരു പലകയും സൂക്ഷിച്ചുകൊണ്ടു്, കരയ്ക്കു നില്ക്കുന്നതിനെപ്പോലെയല്ലാതെ മറെറാരുതരത്തിൽ ഇതു വിചാരിക്കുവാൻ നിവൃത്തിയില്ല. സുഖമായി കഴിയുന്നവൻ മാത്രമാണ് വിജയി. സന്തോഷമാകുന്ന ധനം, ഉദാരതയും, ദിവ്യസ്നേഹവുമുള്ള ഹൃദയമുണ്ടോ

കുവാൻ ധനികനാകേണ്ടതില്ല. നിങ്ങൾ ധനികനോ ദരിദ്രനോ ആയിക്കൊള്ളുക. നിങ്ങളുടെ ഭാൎയ്യ സൗരഭ്യസങ്കേതമായ ഒരു മനോഹരപുഷ്പമെന്നു കരുതി നിങ്ങൾ സസന്തോഷം ജീവിക്കുക. എന്നാൽ അവൾ, നിങ്ങളുടെ ജീവിതത്തെ,— സന്തോഷവും സൗരഭ്യവും കൊണ്ടു നിറയ്ക്കും. നിങ്ങൾ യഥാൎത്ഥമായി സ്നേഹിക്കുന്ന ഒരു സ്ത്രീ വൃദ്ധയായി തോന്നുന്ന ഒരു കാലം നിങ്ങൾക്കു ഉണ്ടാകുന്നതല്ല. കാലങ്ങൾ കഴിഞ്ഞുപോയാലും, അവസ്ഥകൾ മാറിപ്പോയാലും, ജരാനരകൾ ഭവിച്ചാലും യഥാൎത്ഥസ്നേഹമുള്ള ദമ്പതികൾ അനുരാഗാരംഭത്തിലുള്ള നവത്വസുഷമയോടെ പരസ്പരം വീക്ഷിക്കുന്നതാണു്. ഈദൃശസ്നേഹത്തോടുകൂടി ജീവിതശിഖരത്തിന്റെ താഴോട്ടേക്കു്, പോയിത്തുടങ്ങുമ്പോൾ, പൗത്രാദികളുടെ ആഹ്ലാദാരവങ്ങളാൽ, ഒരിക്കൽകൂടി സന്തോഷമാകുന്ന പറവകൾ, ആ ഇല പൊഴിഞ്ഞ വാൎദ്ധക തരുവിൽ, ഇരുന്നു സ്നേഹപൂൎവ്വം പാടുന്നതു കേൾക്കാകുന്നു. കുടുംബം മുഴുക്കെയുള്ള സ്വസ്വാതന്ത്ര്യത്തിൽ ഞാൻ ഇഷ്ടപ്പെടുന്നു. കുടുംബത്തിലെ സൎവ്വജനപ്രാതിനിധ്യഭരണത്തിൽ ഞാൻ വിശ്വാസമുള്ളവനാണു്. സ്വാതന്ത്ര്യം സമത്വം സാഹോദൎയ്യം ഇവയെ ഞാൻ സ്നേഹപൂൎവ്വം വീക്ഷിക്കുന്നു.

സ്ത്രീകൾ അടിമകളായിരുന്നുവെങ്കിൽ കുട്ടികളുടെ കാൎയ്യത്തെപ്പററിപ്പറയുവാനുണ്ടോ? അച്ഛന്റെ കാലടികൾ കേൾക്കുമ്പോൾ അവർ വിളറി വശാകുന്നു. അമ്മയുടെ വിളി അവരെ വ്യാകുലചിത്തരാക്കുന്നു. ദാരിദ്ര്യത്തിന്റേയും, മൃഗീയത്വത്തിന്റേയും മററു പല ദോഷങ്ങളുടേയും സന്താനങ്ങൾ, വിഭ്രാന്തമായ ജീവിതസമുദ്രത്തിൽ, ഉടഞ്ഞുപോയ കപ്പലുകളുടെ ഒഴുകിപ്പോയ സാധനങ്ങളും ഭാരാധിക്യത്താൽ ഒഴുകിപ്പോകാതെ തങ്ങിനിന്ന സാമാനങ്ങളുമാണു്. എന്റെ ഹൃദയം ആ ദരി

ഭസന്താനങ്ങളിലേക്കു പ്രവഹിക്കുന്നു. കുട്ടികൾക്കു നമുക്കു തുല്യമായ സ്വാതന്ത്ര്യം ആവശ്യമുണ്ടെന്നു മാത്രമല്ല, അവരോടു പെരുമാറുന്നതു മനുഷ്യജീവികളോടാണെന്നുള്ള ബോദ്ധ്യത്തോടും ആയിരിക്കണം. അവരെ സ്നേഹവും- ദയയും, സരളതയും കൊണ്ടാണു വളർത്തേണ്ടതു്. നിങ്ങൾ, അവരോടു സത്യമുള്ളവരായിരിക്കണം. ഒരു ക്രൂരനായ അച്ഛന്നു കള്ളന്മാരായ കുഞ്ഞുങ്ങൾ ഉണ്ടാകുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ? ക്രൂരതയുടേയും അജ്ഞതയുടേയും ഫലമാണു അസത്യം. നീചമായ മനഃസ്ഥിതിയോടുകൂടിയ ഒരു രക്ഷാകർത്താവു വടിയും ഓങ്ങി സാധുവായ തന്റെ കുട്ടിയോടു എതിരിടുമ്പോൾ കളവിന്റെ രൂപത്തിൽ ഒരുപൊടിക്കൈ, പ്രയോഗിക്കുവാനുള്ള സാമർത്ഥ്യം കുട്ടികളുടെ തലച്ചോറിന്നു നൽകിയ പ്രകൃതിശക്തിയോടു നാം നന്ദി പറയേണ്ടിയിരിക്കുന്നു. നിങ്ങളുടെ കുട്ടികൾ കള്ളം പറയുമ്പോൾ നിങ്ങൾ സത്യമുള്ളവരായിരിക്കണം. നിങ്ങൾ നാലു വയസ്സായ ഒരു കുട്ടിയിൽനിന്നും എങ്ങനെ വലിപ്പമുള്ളവരായിരിക്കുന്നുവോ അതുപോലെ നിങ്ങളെക്കാൾ വലിപ്പമുള്ള ഒരാൾ നിങ്ങളോടു എതിരിടുമ്പോൾ അതെ—നിങ്ങൾക്കും സത്യത്തെ മറയ്ക്കാതെ രക്ഷപ്പെടാൻ നിർവ്വാഹമില്ലെന്നുള്ള ഘട്ടത്തിലെത്തുമ്പോൾ നിങ്ങളും അസത്യവാദികളാകുവാൻ മടിക്കുകയില്ലെന്നുള്ളതു ഏററവും പരമാർത്ഥമായ ഒരു സംഗതിയാണല്ലോ. തന്റെ രക്തവും മാംസവും കൊണ്ടു സത്യത്തെ മറയ്ക്കുവാൻ പണിപ്പെടുന്ന ഒരു വക്കീലിന്റെ മകനെ, അസത്യവർത്തമാനങ്ങൾ പ്രചരിപ്പിച്ചു എന്നുള്ള കുററത്തിന്നു അദ്ദേഹം ശിക്ഷിക്കുകയാണെങ്കിൽ ആ ശിക്ഷ എത്ര കണ്ടു ന്യായബോധത്തോടുകൂടിയുള്ളതാണെന്നും നിങ്ങൾ അല്പം ചിന്തിച്ചുനോക്കുവിൻ. പൊതുജനസംരക്ഷകന്മാരായ ഉദ്യോഗസ്ഥമേധാവികൾ പൊതുജനങ്ങളെ ദ്രോഹിച്ചും വഞ്ചിച്ചും, കീശ

കൾ നിറച്ചുകൊണ്ടു് ആശാഭരിതരായി സ്വഗൃഹത്തിലെത്തുമ്പോൾ, നിസ്സാരമായ ചില കുററങ്ങൾക്കായി തങ്ങളുടെ ഓമനക്കുഞ്ഞുങ്ങളെ അതികഠിനമായി ശാസിക്കുന്നതു് കൊലപാതകം ചെയ്തിട്ടു് അതു അന്യരിൽ നിന്നും മറച്ചുവെച്ചു കൊണ്ടിരിക്കുന്ന ഒരു ന്യായാധിപൻ ശുചീകരണജോലിയിൽ ഏപ്പെട്ടിരിക്കുന്ന ഒരു പഞ്ചമൻ തന്റെ സാധനസാമഗ്രികളെ ശുചിപ്പെടുത്തി വെയ്ക്കാത്തതു നിമിത്തം ഉള്ള കുററത്തിനു അവന്റെ കൈകളെ ഛേദിച്ചുകളയുവാൻ വിധിപ്രസ്താവിക്കുന്നതിനോടു തുല്യമായി വിചാരിക്കാവുന്നതാണു്. പൊതുജനങ്ങളുടെ ആത്മാവിനെ ത്രിവിധകരണങ്ങളാലും നിമിഷംപ്രതി ഹിംസിച്ചുകൊണ്ടിരിക്കുന്ന പൊതുജനക്ഷേമകാംക്ഷികളായ വേഷധാരികൾ, ദോഷമോ ദ്വേഷമോ തീണ്ടുക പോലും ചെയ്തിട്ടില്ലാത്ത ബാലഹൃദയങ്ങളിൽ നിന്നും പുറപ്പെടുന്ന സരസമോഹനങ്ങളായ മധുരവാക്കുകൾക്കു ദുർവ്യാഖ്യാനം കല്പിച്ചു്, അവരെ ശിക്ഷയ്ക്കു് അധീനരാക്കുന്നതു് ഓക്കുമ്പോൾ ശിക്ഷിക്കപ്പെട്ടവരെ ശിക്ഷിക്കേണ്ടതാരെന്നും അവക്കു കിട്ടുന്ന ശിക്ഷ എന്തായിരിക്കുമെന്നും അതു് എവിടെ വെച്ചു് ഏതൊരു കാലത്താണെന്നും ചിന്തിക്കുവാനുള്ള ശേഷി ഇവയുള്ളവന്റെ ഹൃദയത്തിനില്ല. മനുഷ്യസമുദായത്തിലെ ഏവംവിധങ്ങളായ വിക്രിയകൾ മനുഷ്യവാസമില്ലാത്ത ഒരു ലോകത്തെ കണ്ടെത്തുവാൻ ഇവനെ പ്രേരിപ്പിക്കുന്നു. ഞാൻ എന്റെ കുഞ്ഞുങ്ങളോടു എന്തു പറയുമെന്നു നിങ്ങളെ അറിയിക്കട്ടെ; "നിങ്ങൾ നിങ്ങൾക്കു് ഇഷ്ടമുള്ള സ്ഥലത്തേക്കു പോകുവിൻ; എന്തു കുററവും ചെയ്യുവിൻ; ഏതു തരത്തിലും ആകുവിൻ; എന്നാലും എനിക്കു നിങ്ങളോടു വെറുപ്പു് തോന്നുകയില്ല. എന്റെ ഹൃദയവും കൈകളും നിങ്ങൾക്കായിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്നകാലത്തോളം ഒരു നിഷ്കളങ്കനായ സ്നേഹിതൻ നിങ്ങൾക്കുണ്ടായി

രിക്കും” ഇതാണ് എനിക്കു പറവാനുള്ളതു്. ഞാൻ പ്രഥരത്തിൻെറ ഗവർമ്മെൻറിൽ വിശ്വാസമില്ലാത്തവനാണ്. പ്രഥരമായ മാർഗ്ഗത്തിൽകൂടി ക്ലേശപൂർവ്വം യാത്രചെയ്യിപ്പിച്ചല്ല കുട്ടികളെ നന്നാക്കേണ്ടതു്. അവരോടൊന്നിച്ചു എല്ലാക്കാര്യത്തിലും പങ്കെടുക്കുകയും, അവക്കു ആവശ്യമുള്ള സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുകയും, കുടുംബത്തെ സന്തോഷഭരിതമാക്കുകയും ചെയ്യുക. അവരെദ്വേഷിക്കുന്ന രീതി ശ്ലാഘ്യമല്ല. അവക്കു ഇഷ്ടമുള്ളതു കളിക്കുവാൻ സൗകര്യം കൊടുത്തിട്ടു അതിൽനിന്നുണ്ടാകുന്ന ഗുണദോഷത്തെ അനുഭവരൂപത്തിൽ മനസ്സിലാക്കിക്കൊടുക്കുക. രാജകീയ ഉത്സവങ്ങൾക്കും ക്ഷേത്രസംബന്ധമായ ആഘോഷങ്ങൾക്കും അല്ലാതെ, നാടകശാലകളിലും മറ്റും പോകരുതെന്നു ചിലർ ഉപദേശിക്കുകയും ആജ്ഞാപിക്കുകയും ചെയ്യാറുണ്ടു്. അതു് എന്തു കാരണത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു് മനസ്സിലാകുന്നില്ല. സമർത്ഥന്മാരായ പണ്ഡിതന്മാരുടെ കലാവൈദഗ്ദ്ധ്യപ്രകടനങ്ങളെക്കാളും മറ്റെതു് എങ്ങനെ പ്രയോജനപ്പെടുമോ ആവോ? നിങ്ങൾക്കു കുട്ടികളെ വീട്ടിൽ സൂക്ഷിക്കണമെന്നുണ്ടെങ്കിൽ അവക്കു വേണ്ട വെളിച്ചം അവിടെ നൽകണം. എൻെറ കുട്ടികൾ എൻെറ മരണാനന്തരം എൻെറ ശവസംസ്കാരസ്ഥലത്തിനു സമീപം വന്നു ഇങ്ങനെ പറയണം:—ഈ സ്ഥലത്തു ദീർഘനിദ്രചെയ്യുന്ന ഞങ്ങളുടെ പ്രിയപ്പെട്ടഅച്ഛൻ അതെ—ഞങ്ങളുടെവന്ദ്യപിതാവു് ഞങ്ങൾക്കു ഒരു നിമിഷവും ദുഃഖത്തെ പ്രദാനം ചെയ്തിട്ടില്ല. ഇപ്പോൾ വെറും ചാമ്പലായിത്തീർന്നിരിക്കുന്ന അദ്ദേഹത്തിൻെറ ചുണ്ടുകളിൽനിന്നും ഞങ്ങളുടെ നേക്കു ഒരു കഠിനവാക്കു ഒരിക്കലും പുറപ്പെട്ടിട്ടില്ല. എവിടെയാണെന്നും എന്താണെന്നും ഞങ്ങൾക്കു്, രൂപമില്ലാത്ത അദ്ദേഹത്തിൻെറ ഹൃദയം, ഞങ്ങളുടെ നേക്കുള്ള വാത്സല്യംകൊണ്ടു് നിറഞ്ഞിരുന്നു. ഇതാണു്

എൻെറ കാമനക്കളഞ്ഞുങ്ങൾ എന്നെപ്പററിപ്പറയുവാൻ ഞാൻ ഇഷ്ടപ്പെടുന്നതു്..

ഒരു കുട്ടിയുടെ ചിരി ഒരു പരിശുദ്ധദിവസത്തെ കൂടുതൽ പരിശുദ്ധമുള്ളതാക്കിത്തീക്കുന്നു. അല്ലയോ! ദിവ്യഗായകാ! അങ്ങ് ഉജ്ജ്വലമായ രീതിയിൽ കമ്പികൾ മീട്ടി അമാനുഷികമായഗാനങ്ങൾ പാടി ലോകത്തിനു ഏതുതരം ഹൃദ്യത വരുത്തിയാലും അങ്ങയുടെ—ഏററവും, ആസ്വാദ്യകരങ്ങളായ ഗാനങ്ങൾ പോലും ഒരു കാമനക്കുഞ്ഞിൻെറ മൃദുഹാസത്തോടു താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമായിത്തീരുന്നു. മനുഷ്യരേയും മൃഗങ്ങളേയും വേർതിരിക്കുന്നതു്, ഈ മന്ദഹാസങ്ങളായ നദീപ്രവാഹങ്ങളത്രെ. അതിൻെറ ഓരോ അലകളും, ലോകവ്യഥകളെ അകററുന്നു. അല്ലയോ—ഹാസമേ?— ആഹ്ളാദത്തിൻെറ റോസ് ദളമായിരിക്കുന്ന മകളേ! ഭവതിയുടെ കവിൾത്തടങ്ങൾക്കു സന്തോഷത്തിൻെറ അശ്രുധാരയെ ഗ്രഹിച്ചു്—മഹത്വപ്പെടുത്തുവാനുള്ള തടങ്ങൾ ഉണ്ടല്ലോ. ബാലഹൃദയങ്ങളെ—അസംബന്ധപ്രചുരമായ നീചവാക്കുകളാലും, കഠിനമേറിയ ശിക്ഷകളാലും, അപാത്രമാക്കിചെയ്യുന്ന അ അകീത്തിപ്രദങ്ങളായ പ്രവൃത്തികളെ ഏതു ഭാഷയിൽ പുച്ഛിച്ചാലും മതിയാകുന്നതല്ല. അവർ—അവക്കു—വേണ്ടി വായിക്കുന്നവരായും അവക്കുവേണ്ടി ചിന്തിക്കുന്നവരായും തീരട്ടെ. അവരോടു സത്യമായും, സൗജന്യമായും പെരുമാറുക; അവക്കുവേണ്ടതിനു അവസരം നൽകുക; അവരുടെ അവകാശങ്ങൾക്കു്, നിങ്ങളുടെ അവകാശങ്ങളോളം തുല്യതയുണ്ടെന്നു്, ഓമ്മിക്കുക; നിങ്ങൾ ഭരിക്കണമെന്നും അവർ അനുസരിക്കണമെന്നും ഉള്ള നിർബ്ബന്ധം അകററണം. യജമാനനും ഭൃത്യനും, എന്നുള്ള ആശയം കുട്ടികളെ ആശ്രയിച്ചടത്തോളം, നിരാകരിക്കപ്പെടേണ്ടവയാണു്. കുട്ടികളെ സ്വതന്ത്രരാക്കുമ്പോൾ അവർ നിങ്ങളുടെ സാരമേറിയ പങ്കാളിക്കാ

ളിൽ വന്നു ചേരുന്നതാണ്. ശിക്ഷിച്ചു നിയന്ത്രിക്കുവാൻ ഒരു
ങ്ങിയാൽ അതു പരാജയമാണ്. എന്തെന്നാൽ നിയന്ത്രണത്തെ
ധിക്കരിക്കുന്ന ഒരു വിശേഷശക്തി, പ്രകൃതിയിലുണ്ടു്. അവക്കു
വേണ്ടതു് ആലോചിച്ചു പ്രവൎത്തിക്കുവാൻ അവരെ അനുവദി
ക്കണമെന്നുള്ള പക്ഷക്കാരനാണ് ഞാൻ. ഈ ലോകത്തിൽ ഏ
റ്റവും മഹനീയമായിട്ടുള്ളതത്രേ—സമചിത്തരായ അംഗങ്ങ
ളാൽ അധിവാസം ചെയ്യപ്പെടുന്ന ഒരു ഗൃഹം. പുരുഷൻ ത
രുവും, സ്ത്രീ വല്ലിയും കുട്ടികൾ സുമങ്ങളുമത്രേ. തങ്ങൾക്കുള്ള
വിചാരങ്ങളെ വിശദമാക്കുവാൻ കുട്ടികളെ പരിശീലിപ്പിക്ക
ണം. നിശ്ചലമായും ചിന്താശൂന്യമായ വിശ്വാസത്തെക്കാൾ
അന്വേഷണബുദ്ധി നല്ലതാണ്. ഈ ലോകം—മരിച്ചവരാല
ല്ല—ജീവിച്ചിരിക്കുന്നവരാലത്രേ—നിയന്ത്രിക്കപ്പെടേണ്ടതു്. കു
ടീരം—ഒരു സിംഹാസനമോ, ശവശരീരം—ഒരു രാജാവോ
അല്ല. നമ്മുടെ പിതാക്കന്മാർ യാഥാസ്ഥിതികന്മാരും അവരുടെ
പൂവ്വികന്മാർ—അടിമകളുമായിരുന്നു. നമ്മുടെ പ്രമാണങ്ങൾ
എല്ലാം—കവഞ്ചി പ്രയോഗത്തിന്റെ പാടുകളോടു കൂടിയതും
വിലങ്ങിന്റെ തുരുമ്പു ബാധിച്ചതും കൊള്ളിയുടെ നീറണി
ഞ്ഞതും ആകുന്നു. അന്ധവിശ്വാസം ദാസ്യത്തിന്റെ ആത്മ
ശിശുവാണ്. എല്ലാപേൎക്കും ആലോചിക്കുവാനുള്ള അവകാശ
വും, അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരി
ക്കുമ്പോൾ—ഓരോരുത്തരും—അവരവൎക്കുള്ളതിൽ മഹനീയ
മായതിനെ അന്യൎക്കു നൽകുവാൻ പ്രേരിതരാകുന്നു. അപ്പോൾ
ഈ ലോകത്തിനു്—വിജ്ഞാനധന്യതസംലബ്ധമാകും. എത്ര
കാലം സ്ത്രീപുരുഷന്മാർ ദുൎദ്ദേവതകളെ ഭയപ്പെടുന്നുവോ—എത്ര
കാലം—മനുഷ്യർ തങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയാത്തതി
നെ ആരാധിക്കുന്ന സ്വഭാവത്തോടു കൂടിയവരായിരിക്കുന്നു

വോ—എത്ര കാലം ആത്മാഭിമാനം, വിറവുതിന്നുന്നതിൽ, അഭിമാനമുള്ളവരായിരിക്കുന്നുവോ—എത്രകാലം മനുഷ്യവർഗ്ഗം അസ്വതന്ത്രരായി ജീവിക്കുവാൻ ഇഷ്ടപ്പെടുന്നുവോ— അത്രയും കാലം ഈ ലോകം ജ്ഞാനദാരിദ്ര്യത്താലും അലഞ്ഞുതിരിയുന്ന സാധുസഹോദരങ്ങളാലും നിറയപ്പെട്ടതും—മാലിന്യമേററ്—ശോഭയൊഴിഞ്ഞു—അന്ധവിശ്വാസപഴന്തുണിയാൽ മൂടപ്പെട്ടതും ആയിരിക്കുന്നതാണ്. ഇന്നത്തെ യാഥാസ്ഥിതികന്മാരായ മനുഷ്യർ—കുട്ടികളുടേയും—സ്ത്രീകളുടേയും എന്നുവേണ്ട—തങ്ങളുടെ നിലയെപ്പററിയും, ചിന്തിക്കുവാനോ—ചിന്തിച്ചവരെ—അനുകരിക്കുവാനോ—ശേഷിയും—മനസ്സും ഇല്ലെന്നുള്ളതു പരിതാപകരമായ ഒരവസ്ഥതന്നെ. അവർ മൃഗീയശക്തിയുടെ പ്രമേയകർത്താക്കളും പ്രാഥരത്തിൻെറ ശിഷ്യന്മാരുമാണ്. മനുഷ്യാവകാശങ്ങളെ അവർ അറിയാതിരിക്കുന്നവരാണ്. സ്വതന്ത്രരായ സ്ത്രീപുരുഷന്മാരുടെ ഒരു പരമ്പര—ഈ ലോകത്ത് ഒരിക്കലും ഉണ്ടായിരുന്നില്ല.

അല്ലയോ! സ്വാതന്ത്ര്യമേ! നീ വിദൂരമായ ചക്രവാളത്തിനപ്പുറം മാത്രം എന്നും നീന്തിനടക്കരുതേ; നിന്നിൽ അനുരക്തിയുള്ളവരുടേയും മനുഷ്യസ്നേഹികളുടേയും—കവികളുടേയും സ്വപ്നലോകത്തെ മാത്രം ആവാസഭൂമിയാക്കാതെ മനുഷ്യസന്തതികളുടെ മദ്ധ്യേ വന്നധിവസിച്ചാലും.

ലോകത്തിൻെറ മസ്തിഷ്കത്തിൽ നിന്നും ഏതെല്ലാം—കണ്ടുപിടിത്തങ്ങളോ എന്തൊക്കെ വിചാരങ്ങളോ നിർഗ്ഗമിക്കുവാൻ പോകുന്നതെന്നും വിദൂരഭാവി എത്ര മനോജ്ഞമായ വിചിത്രപടലങ്ങളാൽ—അലംകൃതമാകുവാൻ പോകുന്നു എന്നും ഞാനറിയുന്നില്ല. ചിന്താകേദാരത്തിലെ വിജയങ്ങളെപ്പററി എനിക്കൊരു സ്വപ്നരേഖപോലുമുണ്ടാകുന്നുമില്ല.

ശൃംഖലകൾ പൊട്ടുന്നതുവരെയും ഇരുട്ടറകൾ ദേവാലയങ്ങൾ അല്ലെന്നു വിചാരിക്കുന്നതുവരെയും മൗനം ജ്ഞാനമാണെന്നുള്ള തെററിദ്ധാരണവിപാടനം ചെയ്യുന്നതു വരെയും—ഭീരുത്വം വിനയമാണെന്നുള്ള അറിവുകേട് അകലുന്നതുവരെയും—തൊട്ടിലിനു്—ശവപ്പെട്ടിയെക്കാൾ ബഹു മാന്യത സിദ്ധിക്കുന്നതുവരെയും, അന്യരുടെ വിശ്വാസത്തെ ഗണിക്കാതെ സ്വാഭിപ്രായപ്രകടനം ചെയ്യുവാനുള്ള സ്വാതന്ത്ര്യം ലഭ്യമാകുന്നതുവരെയും അദ്ധ്യാപകന്മാർ—ആചാര്യന്മാരുടെ സ്ഥാനം സ്വീകരിക്കുന്നതുവരെയും അനുയായികൾ—അന്വേഷണബുദ്ധിയുള്ളവരായിത്തീരുന്നതുവരെയും—കാത്തിരിക്കുക. അന്നുള്ള മതാഭിപ്രായരേഖയിൽ "സ്വാതന്ത്ര്യം" എന്നുള്ള സ്വർണ്ണലിപികൾ മാത്രം ഉണ്ടായിരിക്കുന്നതാണു്.

"ശുഭം"

# സ്വാതന്ത്ര്യം.

ഗ്രന്ഥകർത്താ

പി. മാധവൻനായർ.

All rights reserved.

൧-ാംപതിപ്പ് കാപ്പി ൧൦൦൦

വി. വി. പ്രസ്സ് ബ്രാഞ്ച്,

തിരുവനന്തപുരം.

1103.

വില ചക്രം ൬.